**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 153** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>അരുവിക്കര ഭഗവതി ക്ഷേത്രത്തിലെ സദ്യാലയം നിർമ്മാണ പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡലത്തിലുൾപ്പെടുന്ന അതിപുരാതന ക്ഷേത്രങ്ങളിലൊന്നായ അരുവിക്കര ഭഗവതി ക്ഷേത്രത്തിലെ സദ്യാലയം നിർമ്മാണ പ്രവൃത്തി പാതിവഴിയിൽ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** അരുവിക്കര ഭഗവതി ക്ഷേത്രത്തിലെ സദ്യാലയ നിർമ്മാണത്തിന് 14.03.2025ൽ ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് യോഗത്തിന്റെ ROC. No. 156/25/M തീരുമാന പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 19,96,000/- രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കുകയും തുടർന്ന് ഭരണാനുമതി ലഭ്യമായ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, സദ്യാലയവുമായി ബന്ധപ്പെട്ടുള്ള കല്യാണമണ്ഡപത്തിന്റെ പാചകപ്പുരയുടെ നിർമ്മാണത്തിനായി 07.08.2025 തീയതിയിലെ ROC. No.7790/25/M നം ഉത്തരവ് പ്രകാരം 19,58,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, വർക്കിന്റെ കരാർ അനുമതി ലഭ്യമാക്കുന്ന നടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും തിരുവിതാകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**(ബി)** കർക്കിടക വാവുബലി കേന്ദ്രവും ടൂറിസം സെന്ററുമായ ഇവിടെ തീർത്ഥാടകർക്ക് സൗകര്യപ്രദമായ രീതിയിൽ എത്രയും വേഗം പണികൾ പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**